# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: ഡി.ഇ.3(1)5203/09/ഇ.ഡബ്ല്യൂ.

തിരുവനന്തപുരം
തീയതി: 05.02.2010

## <u>വിജ്ഞാപനം</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 23.06.2009-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ച് 2009 നവംബർ 17, 18, 19 തീയതികളിൽ നടത്തിയ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ടെസ്റ്റിനും ഹെഡ് ഡ്രാഫ്റ്റ്സ്മാൻ ടെസ്റ്റിനും ജയിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 23.05.1974-ലെ ഗവൺമെൻറ് ഉത്തരവ് അനുസരിച്ച് (ജി.ഒ.എം.എസ്. നമ്പർ 129/74/പി.ഡി. തീയതി 23.05.1974) ഓരോ പേപ്പറിൻേറയും ഫലം പ്രത്യേകം കൊടുത്തിട്ടുണ്ട്. ടെസ്റ്റ് പൂർണ്ണമായും ജയിച്ചിട്ടുണ്ടോ എന്ന് ടെസ്റ്റിൻെറ എല്ലാ പേപ്പറുകളുടെയും ഫലം നോക്കി നിശ്ചയിക്കേണ്ടതാണ്. 29.07.1978-ലെ ഗവൺമെൻറ് ഉത്തരവിൻ പ്രകാരം (ജി.ഒ.എം.എസ്. നമ്പർ 556/78 പി.ഡി. തീയതി 29.07.1978) 01.04.1977 നു ശേഷം ഒരു ടെസ്റ്റിൻെറ എല്ലാ പേപ്പറുകളും ജയിച്ചു കഴിഞ്ഞവർക്കുമാത്രമേ കമ്മീഷൻ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. 01.04.1977-നു മുൻപ് ടെസ്റ്റ് ഭാഗികമായി പാസ്സാവുകയും എന്നാൽ 01.04.1977-നുശേഷം ടെസ്റ്റിൻെറ ബാക്കിപേപ്പറുകൾ പാസ്സായി ടെസ്റ്റ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതല്ല. അങ്ങനെയുള്ളവർ റിസൽട്ട് പ്രസിദ്ധീകരിച്ച ഗസറ്റും അഡ്മിഷൻ ടിക്കറ്റും ബന്ധപ്പെട്ട മേലധികാരികളെ കാണിച്ച് ബോധ്യപ്പെടുത്തി സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. 29.07.1978-ലെ ഗവൺമെൻറ് ഉത്തരവിൻപ്രകാരം സർട്ടിഫിക്കറ്റിന് അർഹതയുള്ള ഉദ്യോഗസ്ഥന്മാർ പരീക്ഷ ജയിച്ച വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് കമ്മീഷൻ നൽകുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പ് മേലധികാരി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(2) ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മൻ ടെസ്റ്റിനും ഹെഡ് ഡ്രാഫ്സ്റ്റ്മാൻ ടെസ്റ്റിനും പ്രത്യേകം സർട്ടിഫിക്കറ്റുകൾ നൽകുന്നതുകൊണ്ട് മേൽ പ്പറഞ്ഞ പ്രകാരം ഓരോ ടെസ്റ്റിനും പാസ്സാകുന്ന പരീക്ഷാർത്ഥികൾ അതാത് സർട്ടിഫിക്കറ്റുകൾക്ക് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷകൾ അനുബന്ധത്തിൽ കൊടുത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ സർട്ടിഫിക്കറ്റ് ഒന്നിന് 100 രൂപ (നൂറ് രൂപ) ക്രമത്തിൽ **"<u>0051 PSC 105 State P.S.C 99 Other receipts</u>"** എന്ന ഹെഡ്ഡിൽ ഫീസടച്ച് അസ്സൽ ചെല്ലാൻ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ഏതെങ്കിലും വിവരം നൽകാതിരിക്കുകയോ മറ്റേതെങ്കിലും ന്യൂനത ഉണ്ടായിരിക്കുകയോ ചെയ്താൽ അപ്രകാരമുള്ള അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. അപേക്ഷയിൽ നൽകുന്ന വിവരങ്ങൾക്ക് ആധാരമായ അഡ്മിഷൻ ടിക്കറ്റുകളോ ഐഡൻറിറ്റി സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.

1995 ജനുവരി മുതലുള്ള ഡിപ്പാർട്ട്മെൻറൽ പരീക്ഷ എഴുതിയവർ അഡ്മിഷൻ ടിക്കറ്റോ അറ്റൻറൻസ് സർട്ടിഫിക്കറ്റോ കൈവശമില്ല എങ്കിൽ പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റിനുള്ള ഫീസ് കൂടാതെ നഷ്ടപ്പെട്ട ഒരു അഡ്മിഷൻ ടിക്കറ്റിന് 100 രൂപ നിരക്കിൽ "**0051 PSC 105 State P.S.C 99 Other receipts**"എന്ന ഹെഡ്ഡിൽ ഫീസ് അടച്ച് അസ്സൽ ചെല്ലാൻ അനുബന്ധം ഒന്നിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റും സത്യപ്രസ്താവനയും ഫോട്ടോ പതിച്ച് ബന്ധപ്പെട്ട ആഫീസ് മേധാവിയോ, ഗസറ്റഡ് ഓഫീസറോ സാക്ഷ്യപ്പെടുത്തിയതുകൂടി ഹാജരാക്കേണ്ടതാണ്.

(3) നിലവിലുള്ള നടപടിക്രമം അനുസരിച്ച് ഉത്തരക്കടലാസുകൾ പുനഃപരിശോധിക്കുവാൻ അനുവാദമില്ല. എന്നാൽ പേപ്പർ ഒന്നിന് 50 രൂപ (അൻപത്) 0051 PSC (105) State PSC 99 Other receipts എന്ന ഹെഡ്ഡിൽ അടച്ച് അസ്സൽ ചെല്ലാൻ സഹിതം അപേക്ഷിച്ചാൽ വിവിധ വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള മാർക്കുകൾ കൂട്ടിനോക്കി തെറ്റുകൾ വല്ലതും സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരം അറിയിക്കുന്നതാണ്. ഈ പരിശോധന പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിൽ തന്നെയായിരിക്കും നടത്തുന്നത്. ഇതിനുള്ള അപേക്ഷകൾ പരീക്ഷാ ഫലം പ്രസിദ്ധപ്പെടുത്തി ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(ഒപ്പ്)

**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ**
**തിരുവനന്തപുരം.**

*JR/010210*

# ANNEXURE 1

(See Para 3 of the Notification)

APPLICATION FOR CERTIFICATE OF THE DEPTL. TESTS (SPL.)
DRAFTSMAN/HEAD DRAFTSMAN

1. **Name and Official Designation :**

2. Address to which certificate is to be sent :

3. Sex :

4. Name of Test to which Certificate is required. :

5. Details of Test :

| Name of Paper And part | Month & Year of Passing the examination | Reg. No. and year |
|---|---|---|
| | | |

6. Whether you have produced along with this application all the relevant Admission Tickets. :

7. Total value of Chalan receipts enclosed (No. & Date) :

8. Signature of the candidate with date :

9. Date of the application :

Note:- If all the admission Tickets/Affidavit (in original) are not enclosed the application will not be entertained.

**ANNEXURE –II**
**KERALA PUBLIC SERVICE COMMISSION**
**IDENTITY CERTIFICATE**

| **Here affix recent Passport Size Photograph of the Candidate and attest it by the Head of Office/ Department** |
|---|

**Specimen**
**Signature of the Candidate**

**1. . . ……………………………..**
**2. … ………………………….**
**3. ………………………………..**

Certified that the Photograph and Specimen Signature affixed above is of Sri/Smt. ……………………… and that he /she had appeared for the Departmental Test conducted by the Kerala Public Service Commission during …………………

**(Office Seal)**

**Signature, Name & Designation of the Head of Office/ Department**

**AFFIDAVIT**

I, . . . . . . . ….. . . . solemnly affirm and declare that I my self had appeared for the Departmental tests …………………. as per details appended and my original Admission Ticket of the above examination was irrecoverably lost.

| Name & Address of the Candidate | Name of Test and papers attended | Name of Examination Centre | Register No. |
|---|---|---|---|
| | | | |

**Station:**
**Date :**

**(Name & Signature of the Candidate):**

**Signed before me.**
**Signature, Name & Designation of**
**Head of Office/ Department**

Note: 1. The affidavit and identity certificate should be signed before the Head of Office who should countersign and identify the photograph and Specimen Signature.

2. Head of Office means the Drawing and Disbursing Officer or other Superior Controlling Officer.

3.In the case of the candidate himself being a gazetted Officer, some other Gazetted officer should attest the photograph and the signature.

4. The fee for affidavit is Rs.100/- (for each hall ticket)

**"<u>0051 PSC 105 State P.S.C 99 Other receipts</u>"**